അനുവദിക്കണമെന്നാണിച്ച് ഹർജികൾ ഗവണ്മെൻറിലേയ്ക്കും റവന്യൂ ബോർഡിലേയ്ക്കും അയച്ചിട്ടുണ്ടോ ;

(എച്ച്) അതിന്മേൽ എന്തു നടപടി നടത്തി ;

(ഐ) സാധുക്കളും, മറവുവസ്തുക്കൾ ഇല്ലാത്തവരുമായ ഈ സ്ഥലത്തെ കുടികിടപ്പുകാർ അവിടെത്തന്നെ താമസിക്കുന്നതിനാവശ്യമായ സത്വരനടപടികൾ നടത്തുവാൻ ഭയവുണ്ടാകുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 4.

(സി) കക്ഷികൾ തമ്മിൽ കേസുകൾ നടക്കുന്നുണ്ടെന്നറിയാം.

(ഡി) അതെ.

(ഇ) കുത്തകപ്പാട്ട ചട്ടം 24 (1)–ാം വകുപ്പിൻപ്രകാരമാണ് ഈ സ്ഥലം കൊടുത്തത്.

(എഫ്) രാമൻപിള്ളയ്ക്ക് സ്ഥലം കുത്തകപ്പാട്ടത്തിന കൊടുത്തിരുന്നില്ല. സ്ഥലത്തുള്ള വൃക്ഷങ്ങൾ മാത്രം അയാൾക്ക് കുത്തകപ്പാട്ടത്തിന കൊടുത്തിരുന്ന ടി കുത്തകപ്പാട്ടം അസ്ഥിരപ്പെടുത്തി അപ്പീൽ തീർച്ചയുണ്ടായതനുസരിച്ച് വൃക്ഷങ്ങളുടെ കുത്തകപ്പാട്ടം കൊച്ചയ്യപ്പ ഐയ്യിന് കൊടുത്തിരുന്നതായും അറിയുന്നു.

(ജി) ഈ സ്ഥലത്തിൻറ കുത്തകപ്പാട്ടം റദ്ദു ചെയ്യണമെന്നും, രാമൻപിള്ളയുടെ കുടിതാമസത്തിലും, കൈവശത്തിലുമുള്ള സ്ഥലം ടിയാനു കുത്തകപ്പാട്ടത്തിന കിട്ടണമെന്നും വിവരിച്ച് ടി രാമൻപിള്ള ഗവണ്മെൻറിനു അപേക്ഷ ബോധിപ്പിച്ചതു നടപടിയിൽ ഇരിക്കുന്നു. മറെ കുടിതാമസക്കാർ ഗവണ്മെൻറിലോ റവന്യൂ ബോർഡിലോ അപേക്ഷ ബോധിപ്പിച്ചിരിക്കുന്നു.

(എച്ച്) ടി അപേക്ഷയെ സംബന്ധിച്ച് അന്വേഷണം നടത്തിവരുന്നു.

(ഐ) കക്ഷികൾ തമ്മിലുണ്ടായ ഒരു സിവിൽ വ്യവഹാരത്തിൽ കോടതിയിൽനിന്നും ഈ സ്ഥലത്തെ ഇപ്പോഴത്തെ താമസക്കാരെ ഒഴിപ്പിക്കുന്നതിനു നടപടി നടത്തിവരുന്നതിനാൽ ഇതിൽ ഇടപെടുന്നതിനു ഇപ്പോൾ നിവൃത്തിയില്ല.

പൊതുചന്ത നടത്തുന്നതിനു നിവേദനം

158. [29] ശ്രീ. എം. എം. മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എഴുമറ്റൂർ പകുതിയിൽപ്പെട്ട കൊറ്റനാട് എന്ന സ്ഥലത്തു ഒരു പൊതുചന്ത നടത്തുന്നതിനെപ്പറ്റി വല്ല നിവേദനവും കിട്ടിയിട്ടുണ്ടോ ;

(ബി) പ്രസ്തുത സ്ഥലം പരിശോധിക്കാൻ ബഹുമാനപ്പെട്ട മന്ത്രി പോയിരുന്നോ ;

(സി) അവിടെ ചന്ത സ്ഥാപിക്കുന്നതിനുള്ള ഉത്തരവ് പാസ്സാക്കുന്നതിനു ഇത്ര കാലതാമസം ഉണ്ടാകുവാൻ കാരണമെന്തു ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ചന്തയുടെ കാര്യത്തിൽ എത്രയുംവേഗം ഒരു തീരുമാനം എടുക്കുവാൻ ദയവുണ്ടാകുമോ ?

ഉത്തരം

(എ) കൊറനാട് പഞ്ചായത്തിൽപ്പെട്ട കുമ്പളന്താനം കവല യിലും വെള്ളായിൽ ചാലപ്പുള്ളി എന്നീ സ്ഥലങ്ങളിലും ഓരോ പബ്ലിക്ക മാർക്കറ്റ് അനുവദിച്ചു കിട്ടുന്നതിനുവേണ്ടി നിവേദനങ്ങൾ ലഭിച്ചി ട്ടുണ്ട്.

(ബി) പോയിരുന്നു.

(സി) ചന്ത അനുവദിക്കുന്നതിനു് അനുകൂലമായും, പ്രതികൂല മായും നിരവധി അപേക്ഷകൾ ലഭിച്ചുകൊണ്ടിരുന്നതിനാൽ അവസാ നമായി ഒരു ഉത്തരവു് പാസ്സാക്കുവാൻ കാലതാമസം നേരിട്ടിട്ടുള്ളതാണു്.

(ഡി) നടപടികൾ എടുത്തുവരുന്നുണ്ടു്.

ഇരവിപേരൂർ കോവാപ്പറേറീവു് ഡയറിഫാം

159. [30] ശ്രീ. എം. എം മത്തായി : താഴെ കാണുന്ന ചോദ്യ ങ്ങൾക്കു് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇരവിപേരൂർ കോവാപ്പറേറീവു് ഡയറിഫാമിന്റെ പ്രവർത്തനം തൃപ്തികരമാണെന്നു് സർക്കാരിനു് കരുതുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത സംഘത്തേയും അതിന്റെ പ്രവർത്ത നങ്ങളേയും പ്രോത്സാഹിപ്പിക്കാൻ സർക്കാർ എന്തു നടപടികൾ സ്വീകരിച്ചിട്ടുണ്ടു് ;

(സി) സാമ്പത്തിക വിഷമതകൾകൊണ്ടു് അതിന്റെ പ്രവർത്ത നങ്ങൾക്കു് മുടക്കം നേരിടുന്നുണ്ടോ ;

(ഡി) ഒരു വാനം, ഒരു ക്ലിംഗ്പ്ലാന്റും ഇല്ലാത്തതുമൂലം വെണ്ണയും, പാലും സൂക്ഷിക്കുന്നതിനും വിറ്റഴിക്കുന്നതിനും പ്രയാസങ്ങൾ നേരിടുന്നതായറിയാമോ ;

(ഇ) ഈ ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ വല്ല സഹായവും നൽകാൻ സർക്കാരുദ്ദേശിക്കുന്നുണ്ടോ ;

(എഫ്) ഉണ്ടെങ്കിൽ പ്രസ്തുത സംഘത്തിനു് എന്തു സഹായം നൽകാനാണു് ഉദ്ദേശിക്കുന്നതു് ;

(ജി) വല്ല സഹായവും നൽകാൻ ഉദ്ദേശിക്കുന്നുണ്ടെങ്കിൽ എത്രയുംവേഗം അതു് ചെയ്തുകൊടുക്കുമോ ;

(എച്ച്) സഹകരണസംഘത്തിന്റെ അതിർത്തിയിൽപ്പെട്ട സ്ഥല ങ്ങൾ ഒരു Key Village ആയി തിരഞ്ഞെടുക്കാൻ ദയവുണ്ടാകുമോ ?

ഉത്തരം

(എ) ഇരവിപേരൂർ കോവാപ്പറേറീവു് ഡയറിഫാമിന്റെ പ്രവർത്തനം സാമാന്യം തൃപ്തികരമാണു്.

(ബി) ഗോസംരക്ഷണവകുപ്പിൽനിന്നും 'മറ' ഇനത്തിൽ ഒരു പിഞ്ചുപോത്തിനെ സംഘത്തിനു് കൊടുക്കുവാൻ ഉത്തരവായിട്ടുണ്ടു് തിന്റെ തീറ്റിക്കൂലിക്കുംമരുമായി വർഷത്തേയ്ക്കു് 150 രൂപ ഗ്രാന്റ്

LIBRARY ARCHIVES Kerala Legislative Assembly